**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 20.11.2024

## ലാൻഡ് റവന്യൂ ഡെപ്യൂട്ടി തഹസീൽദാർ വിജിലൻസ് പിടിയിൽ.

കോട്ടയം ജില്ല വൈക്കം താലൂക്ക് ലാൻഡ് റവന്യൂ ഡെപ്യൂട്ടി തഹസീൽദാറായ സുഭാഷ് കുമാർ റ്റി.കെ 25,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (20.11.2024) വിജിലൻസ് പിടിയിലായി.

കോട്ടയം ജില്ല വൈക്കം തലയോലപ്പറമ്പ് സ്വദേശി ഭാര്യയുടെ പേരിൽ ധനനിശ്ചയം ചെയ്ത് നൽകിയ 24 സെന്റ് വസ്തുവിൽ 11 സെന്റ് വസ്തു മാത്രം പോക്കു വരവ് ചെയ്ത് ലഭിക്കുകയാൽ ബാക്കി 13 സെന്റ് വസ്തു കൂടി പോക്കു വരവ് ചെയ്യുന്നതിന് വൈക്കം താലൂക്ക് ഓഫീസിൽ ഈ മാസം എട്ടാം തിയതി ഓൺലൈനായി അപേക്ഷ നൽകിയിരുന്നു. തുടർന്ന് ഈ ആവശ്യത്തിനായി പാതിക്കാരൻ ലാന്റ് റവന്യൂ ഡെപ്യൂട്ടി തഹസീൽദാറായ സുഭാഷ് കുമാറിനെ ചെന്ന് കണ്ടപ്പോൾ 60,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും ആദ്യ ഗഡുവായി 25,000/- രൂപ ഇന്ന് (20.11.2024) അയച്ച് നൽകണമെന്ന് പറഞ്ഞ് അക്കൗണ്ട് നമ്പർ എഴുതി നൽകുകകയും ചെയ്തു. പരാതിക്കാരൻ ഈ വിവരം കോട്ടയം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കിയ ശേഷം ഡെപ്യൂട്ടി തഹസീൽദാർ പറഞ്ഞ പ്രകാരം അക്കൗണ്ടിൽ പണം നൽകുവാൻ പരാതിക്കാരനെ അറിയിച്ചു. പരാതിക്കാരൻ തുകയുമായി ഡെപ്യൂട്ടി തഹസീൽദാരെ സമീപിച്ചപ്പോൾ താലൂക്ക് ഓഫീസിനു സമീപത്തുള്ള എസ്.ബി.ഐ ക്യാഷ് ഡെപ്പോസിറ്റ് മെഷീനിൽ കൈക്കൂലി തുക നിക്ഷേപിക്കുവാൻ ഡെപ്യൂട്ടി തഹസീൽദാർ നിർദ്ദേശിച്ചു. അതനുസരിച്ച് പരാതിക്കാരനെയും കൂട്ടി ഡെപ്യൂട്ടി തഹസീൽദാർ എസ്.ബി.ഐ സി.ഡി.എം കൌണ്ടറിലെത്തി സുഭാഷ് കുമാർ തന്നെ തന്റെ അക്കൌണ്ട് നമ്പറും മറ്റും ടൈപ്പ് ചെയ്ത ശേഷം പരാതിക്കാരന്റെ പക്കലുണ്ടായിരുന്ന പണം ക്യാഷ് ഡെപ്പോസിറ്റ് ചെയ്യാൻ തുടങ്ങുന്ന സമയം വിജിലൻസ് സംഘം പണം പിടിച്ചെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.